**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1523** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഒ.ഡി.ഇ.പി.സി. യുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ഒ.ഡി.ഇ.പി.സി.) യുടെ പ്രവർത്തനം വിശദമാക്കാമോ; | (എ) | കേരള സർക്കാരിന്റെ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായ ഒഡെപെക് കഴിഞ്ഞ നാല് പതിറ്റാണ്ടായി വിദേശ റിക്രൂട്ട്മെൻറ് മേഖലയിൽ പ്രശംസനീയമായ രീതിയിലുള്ള പ്രവർത്തനമാണ് കാഴ്ചവെയ്ക്കുന്നത്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദമായ വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | ഒഡേപെകിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി 2022-23, 2023- 24 വർഷങ്ങളിൽ എത്ര തൊഴിലാളികൾക്ക് വിദേശരാജ്യങ്ങളിൽ തൊഴിലവസരം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) | ഒഡേപെക് വഴി തൊഴിൽ ലഭിക്കുന്നതിന് തൊഴിലാളികളുടെ പക്കൽ നിന്നും എത്ര രൂപ ഫീസായി വാങ്ങിവരുന്നുണ്ടെന്ന് വിശദമാക്കാമോ? | (സി) | ഒഡെപെക് മുഖേന നടത്തുന്ന ഭൂരിഭാഗം റിക്രൂട്ട്മെന്റുകളും സൗജന്യമായാണ് നടത്തി വരുന്നത്. ഇത്തരം റിക്രൂട്ട്മെന്റുകളിൽ തൊഴിൽ ദാതാക്കളാണ് സർവീസ് ചാർജ് നൽകുന്നത്. ചുരുക്കം ചില റിക്രൂട്ട്മെന്റുകൾക്കു മാത്രമാണ് ഉദ്യോഗാർത്ഥികളിൽ നിന്നും സർവീസ് ചാർജ് ഈടാക്കുന്നത്. ഇത്തരം സന്ദർഭങ്ങളിൽ എമിഗ്രേഷൻ ആക്ട് പ്രകാരം അംഗീകരിച്ച 30,000 രൂപയും അതിന്റെ ടാക്സും മാത്രമാണ് ഈടാക്കുന്നത്. |

സെക്ഷൻ ഓഫീസർ

## ഒഡെപെകിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച കുറിപ്പ്

**ആമുഖം**

- കമ്പനീസ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ് ഒ.ഡി.ഇ.പി.സി അഥവാ ഒഡെപെക്.
- 1977 ഒക്ടോബർ 22- നാണ് ഒഡെപെക് നിലവിൽ വന്നത്.
- വിദേശത്ത് തൊഴിൽ ലഭ്യമാക്കുന്നതിനായി സുതാര്യ സംവിധാന ങ്ങളോടെ റിക്രൂട്ട്മെൻറ് നടത്തി വരുന്നു.
- കേന്ദ്രസർക്കാർ അംഗീകരിച്ച റിക്രൂട്ട്മെൻറ് ഏജൻസികളിൽ ഒന്നാണ് ഒഡെപെക്.
- അയാട്ട അംഗീകാരമുള്ള ഒരു ട്രാവൽ ഡിവിഷനും പ്രവർത്തിക്കുന്നു.
- വിദേശ റിക്രൂട്ട്മെൻറ്, എയർടിക്കറ്റിംഗ് എന്നീ മേഖലകൾക്കു പുറമെ പാക്കേജ്ഡ് ടൂർ, ട്രെയിനിംഗ്, സ്റ്റഡി എബ്രോഡ് എന്നീ മേഖലകളിൽകൂടി ഒഡെപെക് പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്.

**ഓരോ വിഭാഗത്തിന്റെയും പ്രവർത്തനങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.**

### 1. റിക്രൂട്ട്മെന്റ് ഡിവിഷൻ

- ഗൾഫ് രാജ്യങ്ങളായ സൗദിഅറേബ്യ, യു.എ.ഇ., ഒമാൻ, ഖത്തർ, തുടങ്ങിയ രാജ്യങ്ങളിലേക്കും യുണൈറ്റഡ് കിംഗ്ഡം, ജർമ്മനി, ബെൽജിയം, ഉസ്ബെക്കിസ്ഥാൻ, തുടങ്ങിയ രാജ്യങ്ങളിലേക്കും റിക്രൂട്ട്മെന്റ് നടത്തി വരുന്നു.
- നഴ്സ്, ഡോക്ടർ, പാരാമെഡിക്കൽ ജീവനക്കാർ, എൻജിനീയർ, ടീച്ചർ, തുടങ്ങി പതിനായിരക്കണക്കിന് ജീവനക്കാരെ വിവിധ രാജ്യങ്ങളിലേക്ക് നിയമിച്ചിട്ടുണ്ട്.
- ഒഡെപെക് മുഖേന സൗദിഅറേബ്യയിലെ ആരോഗ്യമന്ത്രാലയത്തിൻറെ കീഴിലേക്കുള്ള വിവിധ ആശുപത്രികളിലേക്ക് നഴ്സ്, ഡോക്ടർ, മറ്റ് പാരാമെഡിക്കൽ ജീവനക്കാർ എന്നിവരെ തെരഞ്ഞെടുക്കുന്നതിനായി ഇപ്പോഴും റിക്രൂട്ട്മെൻറ് നടത്തിവരുന്നു.
- യു.കെ.യിലെ ഹെൽത്ത്എഡ്യൂക്കേഷൻ ഇംഗ്ലണ്ട് (HEE) മായി സഹകരിച്ച് നഴ്സുമാർക്ക് യു.കെ.യിലെ NHS ട്രസ്റ്റുകളിൽ ജോലി ലഭ്യമാക്കുന്നതിനായി 2019 ൽ ഒപ്പിട്ട കരാർ മുഖേന 675 നഴ്സുമാർ ഒഡെപെക് മുഖേന യു.കെ.യിൽ ജോലിയിൽ പ്രവേശിച്ചു. 2022 മാർച്ച് മാസം അവസാനിച്ച് ഈ പദ്ധതിയുടെ വിജയംമൂലം ഹെൽത്ത്എഡ്യുക്കേഷൻ ഇംഗ്ലണ്ട് (HEE) റേഡിയോഗ്രാഫർമാരുടെ റിക്രൂട്ട്മെൻറിനായി ഒഡെപെകുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. കൂടാതെ പത്തോളം NHS ട്രസ്റ്റ് ആശുപത്രികളിലേക്ക് കൂടി റിക്രൂട്ട്മെൻറ് നടന്നു വരുന്നുണ്ട്.

- എടുത്തുപറയാവുന്ന മറ്റൊരു നേട്ടമാണ് ബെൽജിയത്തിലേക്കുള്ള നഴ്സുമാരുടെ റിക്രൂട്ട്മെൻറ്. മുൻകാലങ്ങളിൽ ഒരുപാട് തൊഴിൽതട്ടിപ്പുകൾ നടന്നിട്ടുള്ള മേഖലയാണ് ബെൽജിയത്തിലേക്കുള്ള നഴ്സുമാരുടെ റിക്രൂട്ട്മെൻറ്. ഈ ചൂഷണത്തിൽ നിന്നും നഴ്സുമാരെ രക്ഷിക്കുന്നതിനായി ആരംഭിച്ച സംരംഭമാണ്, അറോറ എന്ന പദ്ധതി. ഇതുവരെ 94 നഴ്സുമാർ ഈ പദ്ധതി മുഖേന ബെൽജിയത്തിൽ തൊഴിൽ ലഭിച്ച് പോയിട്ടുണ്ട്. ഇത് കൂടാതെ ബെൽജിയത്തിലേക്കുള്ള നഴ്സുമാരുടെ മറ്റൊരു പദ്ധതിയായ LELI മുഖേന 48 നഴ്സുമാരുടെ ഡച്ച് ഭാഷ പരിശീലനം പുരോഗമിച്ച് വരുന്നു. ഇവർ 2024 ഒക്ടോബർ മാസത്തിൽ ബെൽജിയത്തിലേക്ക് യാത്രയാകും. ഈ പദ്ധതികളിൽ പരിശീലനത്തിൽ ഏർപ്പെട്ടുവരുന്ന നഴ്സുമാർക്ക് 15000 രൂപ വീതം പ്രതിമാസ സ്റ്റൈപെൻഡും നൽകി വരുന്നുണ്ട്.

- ഇതുകൂടാതെ ജർമ്മനിയിലേക്ക് നഴ്സുമാർക്കുള്ള സൗജന്യ റിക്രൂട്ടുമെൻറും ഒഡെപെക് മുഖേന ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ജർമ്മൻ ഭാഷയിൽ ഓഫ് ലൈൻ കോഴ്സിൽ പങ്കെടുക്കുന്നവർക്ക് 10000 രൂപവീതം മാസംതോറും സ്റ്റൈപ്പൻറ് നൽകി വരുന്നുണ്ട്. നിബന്ധനകൾക്ക് വിധേയമായി സൗജന്യപരിശീലനവും സൗജന്യ റിക്രൂട്ട്മെൻറുമാണ് ഈ പദ്ധതി മുഖേന ഒരുക്കിയിരിക്കുന്നത്. ഈ പദ്ധതിപ്രകാരം 100 നഴ്സുമാരുടെ പരിശീലനം പൂർത്തിയാക്കി. ഇവരിൽ മുപ്പതിലധികം പേര് ജർമ്മനിയിൽ ജോലിയിൽ പ്രവേശിച്ചു. ബാക്കിയുള്ളവരുടെ യാത്ര നടപടികൾ പുരോഗമിച്ച് വരുന്നു. കൂടാതെ എഴുന്നൂറോളം നഴ്സുമാരുടെ പരിശീലനം നടന്നുവരുന്നു.
- ഉസ്ബെക്കിസ്ഥാനിലെ സർക്കാർ സ്കൂളുകളിലേക്ക് നൂറോളം ഇംഗ്ലീഷ് ടീച്ചർമാരെ നിയമിച്ചു. അടുത്ത അക്കാഡമിക് വർഷത്തിൽ ഇരുന്നൂറോളം ഒഴിവുകളാണ് പ്രതീക്ഷിക്കുന്നത്.
- ദുബായ് വേൾഡ് സെക്യൂരിറ്റിയിലേക്ക് നടത്തിയ തെരഞ്ഞെടുപ്പിൽ 180 ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിച്ചു. അടുത്ത ബാച്ചിൻറെ തെരഞ്ഞെടുപ്പ് നടപടികൾ തുടങ്ങിയിട്ടുണ്ട്.
- 2024 ൽ കേരളത്തിൽ വച്ച് വിദേശ തൊഴിൽ ദാതാക്കളെ സംഘടിപ്പിച്ച് ഒരു തൊഴിൽമേള നടത്താൻ ലക്ഷ്യമിട്ടിട്ടുണ്ട്.

## 2. ട്രെയിനിംഗ് വിഭാഗം.

- യു.കെ., അയർലണ്ട് തുടങ്ങിയ ഇംഗ്ലീഷ് സംസാരിക്കുന്ന രാജ്യങ്ങളിലേക്ക് നിയമനം ആഗ്രഹിക്കുന്ന നഴ്സുമാർക്ക് IELTS/OET പരീക്ഷയിൽ പരിശീലനം നൽകുന്നതിനായി തിരുവനന്തപുരം, എറണാകുളം, അങ്കമാലി, കോഴിക്കോട്, ന്യൂഡൽഹി എന്നിവിടങ്ങളിൽ ഒഡെപെക് പരിശീലനകേന്ദ്രങ്ങൾ ആരംഭിച്ചിരുന്നു. ഏകദേശം ആയിരത്തോളം പേർ ഈ കേന്ദ്രങ്ങൾ മുഖേന പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. ഇതുകൂടാതെ കൂടുതൽ സ്ഥലങ്ങളിൽ ട്രെയിനിംഗ് സെൻററുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.
- IELTS/OET എന്നീ കോഴ്സുകൾക്കു പുറമെ ജർമ്മൻ ഭാഷയുടെ പരിശീലനവും ഒഡെപെക് ആരംഭിച്ചിട്ടുണ്ട്. കേരളയൂണിവേഴ്സിറ്റിയുടെ ജർമ്മൻ ഡിപ്പാർട്ടുമെൻറുമായി സഹകരിച്ചാണ് തിരുവനന്തപുരത്ത് ജർമ്മൻ ഭാഷാപരിശീലനം നടത്തുന്നത്. എറണാകുളത്തെ ലോസ് ആൻഡ്സ് അക്കാഡമിയുമായി സഹകരിച്ചും ജർമ്മൻ ക്ലാസ്സുകൾ നടത്തുന്നു.
- ഗൾഫ് രാജ്യങ്ങളിലേക്കാവശ്യമായ യോഗ്യത നേടുന്നതിനുള്ള ട്രെയിനിംഗ് സൗകര്യങ്ങൾ, മറ്റുള്ള യൂറോപ്യൻ രാജ്യങ്ങളിലെ ഭാഷാപരിജ്ഞാനം ഇവ ആവശ്യാനുസരണം പരിശീലനസൗകര്യം ഏർപ്പെടുത്തുന്നതാണ്. കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് അവരുടെ സ്കോർ അനുസരിച്ച് വിവിധ രാജ്യങ്ങളിലേക്കുള്ള നിയമനസേവനങ്ങളും ഒഡെപെക് നൽകിവരുന്നു.
- ഏഷ്യയിലെതന്നെ ഏറ്റവും വലിയ OET പരീക്ഷാകേന്ദ്രം 2021 ജനുവരിയിൽ കേരളത്തിൽ അങ്കമാലിയിൽ ഒഡെപെക് ആരംഭിച്ചു. സർക്കാർ ഉടമസ്ഥതയിലുള്ള ഇന്ത്യയിലെ തന്നെ ആദ്യത്തെ പരീക്ഷാകേന്ദ്രമാണ് ഇത്. നാളിതുവരെ പന്ത്രണ്ടായിരത്തോളം പേർ ഈ പരീക്ഷാകേന്ദ്രം മുഖേന പരീക്ഷ എഴുതിയിട്ടുണ്ട്.

## 3. ട്രാവൽ വിഭാഗം

- റിക്രൂട്ട്മെൻറ് വിഭാഗം കൂടാതെ അയാട്ടാ അംഗീകാരമുള്ള ഒരു ട്രാവൽഡിവിഷനും ഒഡെപെകിൻറെ കീഴിൽ 1990 മുതൽ പ്രവർത്തിക്കുന്നു. അന്തർദേശീയ യാത്രയ്ക്കുള്ള ടിക്കറ്റുകളും ഇവിടെ ഇപ്പോൾ നടത്തുന്നുണ്ട്. റഷ്യ-യുക്രൈൻ യുദ്ധ പശ്ചാത്തലത്തിൽ യുക്രൈനിൽ നിന്നും വിദ്യാർത്ഥികളെ തിരികെ നാട്ടിലെത്തിക്കുന്നതിനായി ഒഡെപെകിൻറെ ട്രാവൽവിഭാഗത്തിൻറെ സേവനമാണ് സംസ്ഥാനസർക്കാർ പ്രയോജനപ്പെടുത്തിയത്.

4. ടൂർ വിഭാഗം

• പ്രമുഖ ടൂർ ഓപ്പറേറ്ററായ തോമസ് കുക്കുമായി ചേർന്ന് ടൂർപാക്കേജുകൾ നടപ്പിലാക്കുന്നതിനായി ട്രാവൽഡിവിഷൻറെ കീഴിൽ ഒരു ടൂർ വിഭാഗം 2018 ൽ ആരംഭിച്ചു. സ്വദേശ/വിദേശ വിനോദയാത്രകൾ നടത്തുവാൻ ആഗ്രഹിക്കുന്നവർക്കായി വിവിധ തരത്തിലുള്ള ടൂർ പാക്കേജുകൾ ഓരോരുത്തരുടേയും അഭിരുചിക്കനുസരിച്ച് തെരഞ്ഞെടുക്കാനുള്ള സൗകര്യം ഇവിടെ ലഭ്യമാണ്. കൂടാതെ ആഡംബരകപ്പൽ (ക്രൂയിസ്) വിനോദസഞ്ചാര യാത്രാപാക്കേജുകളും സംഘടിപ്പിക്കുന്നുണ്ട്. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പ്രത്യേക ഇളവുകളും നൽകിവരുന്നുണ്ട്.

5. സ്റ്റഡി എബ്രോഡ്

• മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ച് പുതിയമേഖലകളിലേക്കുകൂടി പ്രവർത്തനം വ്യാപിപ്പിക്കുന്നതിൻറെ ഭാഗമായി സ്റ്റഡി എബ്രോഡ് എന്ന പുതിയ പദ്ധതികൂടി ഒഡെപെക് ആവിഷ്കരിച്ചിട്ടുണ്ട്. ഇന്ത്യയിലെ പ്രത്യേകിച്ച് കേരളത്തിലെ വിദ്യാർത്ഥികൾ യു. എസ്.എ., കാനഡ, ആസ്ട്രേലിയ, യു.കെ., ന്യൂസിലണ്ട്, ചെക്, ഉക്രൈയിൻ തുടങ്ങിയ വിദേശരാജ്യങ്ങളിൽ പഠിച്ച് ഉന്നത ബിരുദവും ബിരുദാനന്തരബിരുദവും കൈവശമാക്കുന്നതിനും തുടർന്ന് അവർക്ക് ഉന്നതജോലി ഉറപ്പാക്കുന്നതിനുമായിട്ടുള്ളതാണ് ഈ പദ്ധതി.

• വിദേശ രാജ്യങ്ങളിൽ ഉന്നത പഠനം ആഗ്രഹിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ സ്വപ്ന സാക്ഷാത്ക്കാരത്തിനായി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പും ഒഡെപെകും ചേർന്ന് നടപ്പാക്കുന്ന നവീന പദ്ധതിയാണ് "ഉന്നതി സ്കോളർഷിപ്പ് ഫോർ ഓവർസീസ് സ്റ്റഡീസ്". ഈ പദ്ധതിയിലൂടെ വർഷംതോറും 310 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതാണ്. വിദ്യാർത്ഥികളുടെ കുടുംബ വാർഷിക വരുമാനത്തിനനുസൃതമായി 25 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് നൽകും. ഈ പദ്ധതി മുഖേന നാളിതുവരെ 59 വിദ്യാർത്ഥികൾ വിദേശത്തേക്ക് യാത്രയായിട്ടുണ്ട്. ഇതിൽ 4 വിദ്യാർത്ഥികൾ ആസ്ട്രേലിയയിലേക്കും 55 പേർ യു.കെ.യിലേക്കുമാണ് പോയിട്ടുള്ളത്. ഇതുൾപ്പെടെ 85 വിദ്യാർത്ഥികൾ ആണ് നാളിതുവരെ ഒഡെപെക് വഴി വിദേശപഠനത്തിനായി പോയിട്ടുള്ളത്.

Kavitha I

സെക്ഷൻ ഓഫീസർ

അനുബന്ധം II

## Recruitments by ODEPC in 2022–23 and 2023–24

| Financial Year | 2022-23 | 2023-24 |
|---|---|---|
| Saudi Arabia | 49 | 59 |
| Bahrain | | 1 |
| Oman | 3 | 7 |
| Qatar | 9 | |
| UAE | 14 | 182 |
| Turkey | | 76 |
| Uzbekistan | | 99 |
| Belgium | 37 | 35 |
| United States | 7 | |
| Germany | 1 | 30 |
| United Kingdom | 37 | 62 |
| **Total Deployment** | **157** | **551** |

Kavitha I

**സെക്ഷൻ ഓഫീസർ**